IT

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 110 — 10-06-2013-ൽ മറുപടിക്ക്

### സംസ്ഥാനത്ത് ലഹരിമരുന്നു ഉപയോഗവും വിൽപ്പനയും

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ലഹരി മരുന്നു ഉപയോഗവും വിൽപ്പനയും ആപൽക്കരമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ലഹരി മരുന്നു ഉപയോഗത്തിനും വിൽപ്പനയ്ക്കുമെതിരെയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) 2012-ൽ മയക്കുമരുന്നു ഉൽപ്പാദന-വിപണനം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 41 |
| കൊല്ലം | 33 |
| പത്തനംതിട്ട | 10 |
| ആലപ്പുഴ | 16 |
| കോട്ടയം | 49 |
| ഇടുക്കി | 51 |
| എറണാകുളം | 62 |
| തൃശ്ശൂർ | 39 |
| പാലക്കാട് | 14 |
| മലപ്പുറം | 88 |
| കോഴിക്കോട് | 73 |
| വയനാട് | 38 |
| കണ്ണൂർ | 34 |
| കാസർഗോഡ് | 14 |
| ആകെ | 562 |

| | |
|---|---|
| (സി) പോലീസ് ഉദ്യോഗസ്ഥർ പ്രതി ചേർക്കപ്പെട്ട മയക്കുമരുന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അതിൽ സ്വീകരിച്ച തുടർ നടപടികളും വിശദമാക്കുമോ? | (സി) ചേർത്തല റെയ്ഞ്ചിൽ, NDPS Cr.No.1/13-ാം നമ്പർ കേസിൽ, തൃശ്ശൂർ A.R. ക്യാമ്പിലെ സീനിയർ സിവിൽ പോലീസ് ആഫീസർ ശ്രീ. കാശിനാഥൻ 5-ാം പ്രതിയാണ്. ഈ കേസിൽ 103 Lupgesic, Buprenorphine Ampule, ഒരു വോക്സ് വാഗൺ കാറും, 6000/- രൂപയും തൊണ്ടിയായി പിടിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത കേസിൽ അന്വേഷണം നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ